ഖുത്ബ
22.7.2005
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

بسم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

# നബി(സ)തിരുമേനിയുടെ അതിഥിസൽക്കാരം

നബിമാരുടെ ഉൽകൃഷ്ടസ്വഭാവഗുണങ്ങളിൽ ഉന്നതമായ ഒരു സ്വഭാവമാണ് അതിഥിസൽക്കാരം. അല്ലാഹു ഹസ്റത്ത് ഇബ്രാഹിം(അ)നെ കുറിച്ച് പറഞ്ഞ സ്ഥലത്ത് അത് ഇങ്ങനെ വിവരിച്ചിരിക്കുന്നു. ഇബ്രാഹിം നബിയുടെ അടുക്കൽ ആദരണീയരായ അതിഥികൾ വന്നപ്പോൾ, ആദ്യമായി അദ്ദേഹം ***ഫറാഗ ഇലാഅഹ്‌ലിഹി ഫജാആ ബിഇജിലിൻ സമീൻ*** (*51:27*) പെട്ടെന്നുതന്നെ വീട്ടുകാരുടെ അടുക്കൽചെല്ലുകയും കറിവെച്ചൊരു പശുക്കുട്ടിയെ കൊണ്ടുവന്ന് അവരെ സൽക്കരിക്കുകയുമാണ് ചെയ്തത്. നിങ്ങൾ ദൂരത്തുനിന്നാണോ അടുത്തുനിന്നാണോ വരുന്നത്, നിങ്ങൾക്ക് വിശക്കുന്നുണ്ടോ, ആഹാരം കഴിക്കണോ എന്നൊന്നും അവിടന്ന് അതിഥികളോട് ചോദിച്ചില്ല. നേരെ വീട്ടിന്നുള്ളിലേക്ക് പോയി ഭക്ഷണം തയ്യാറാക്കി കൊണ്ടുവന്നുകൊടുത്തു. അല്ലാഹുവിന്റെ ആളുകൾ അതിഥികളോട് ഈ രീതിയിലാണ് പെരുമാറുന്നത്.

എല്ലാ നബിമാരുടെയും പ്രതിനിധിയും നബിമാരിൽ ശ്രേഷ്ഠനുമായ നമ്മുടെ നബികരീം(സ)ന്റെ ദൗത്യപ്രഖ്യാപനത്തിനുമുമ്പേയുള്ള ജീവിതത്തിലും അതിഥിസൽക്കാരം എന്ന സ്വഭാവഗുണം മറ്റുള്ളവരെ ആകർഷിക്കുന്നതരത്തിലുള്ളതായിരുന്നു. നബി(സ)ന് ആദ്യപ്രാവശ്യം വഹ്‌യ് ഇറങ്ങിയപ്പോൾ അവിടന്ന് പരിഭ്രമിച്ച് വീട്ടിൽ ഓടിച്ചെന്നു. ഹസ്റത്ത് ഖദീജ(റ)യോട് ആ പരിഭ്രമത്തെ സംബന്ധിച്ച് പറഞ്ഞപ്പോൾ അവർ നബിതിരുമേനിയെ സാന്ത്വനപ്പെടുത്തിക്കൊണ്ട് പറഞ്ഞു: അല്ലാഹുവാണ! താങ്കൾ ചിന്തിക്കുന്നതുപോലെ ഒരിക്കലും സംഭവിക്കുകയില്ല. അല്ലാഹു ഒരിക്കലും താങ്കളെ നിന്ദിക്കുകയില്ല. അല്ലാഹുവാണ! താങ്കൾ കുടുംബബന്ധങ്ങൾ ചേർക്കുന്നു. സത്യം മാത്രമേ പറയുന്നുള്ളൂ. മറ്റുള്ളവരുടെ ഭാരം വഹിക്കുന്നു. സത്യത്തിന്റെ വിജയത്തിനു വേണ്ടി യത്നിക്കുന്നു. അതിഥിയെ സൽക്കരിക്കുന്നു. അഭയാർത്ഥികളെ സംരക്ഷിക്കുന്നു.”

അതായത്, ലോകത്തുനിന്ന് അദൃശ്യമായിപ്പോയ ധാർമ്മികഗുണങ്ങളെ അവിടന്ന് നിലനാട്ടുന്നു. അതിലൊന്ന് അതിഥിസൽക്കാരവുമാണ്. ഈ ധാർമ്മികഗുണങ്ങളാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്. ഇത്തരം ധാർമ്മികഗുണങ്ങളുള്ള ഒരാളെ എങ്ങനെയാണ് അല്ലാഹു നഷ്ടപ്പെടുത്തിക്കളയുക. ഞാൻ പറഞ്ഞതുപോലെ ഉന്നതമായ ധാർമ്മികഗുണങ്ങളിലൊന്ന് അതിഥിസൽക്കാരവുമാണ്. ഈ ധാർമ്മികഗുണം ദൈവസാമീപ്യം പ്രാപിക്കുന്നതിനും അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും കാരണമായിത്തീരുന്നു. അതിഥിസൽക്കാരത്തിന്റെ കാര്യങ്ങളിൽ വിവിധ ഘട്ടങ്ങളിൽ നബി(സ) കാണിച്ച ഉദാത്തമായ മാതൃകകളിൽ ചിലത് ഞാൻ കേൾപ്പിക്കാം. അതിഥിസൽക്കാരം എങ്ങനെയാണ് നടത്തേണ്ടത് എന്നതിനെക്കുറിച്ച് തന്റെ ഉമ്മത്തിനെ അവിടന്ന് ഉപദേശിക്കുകയും ചെയ്തു.

നബിയുടെ അടുക്കൽ അതിഥികളാരെങ്കിലും വന്നാൽ അവരെ വീട്ടിൽ കൊണ്ടുപോവുകയും ഉള്ളതെന്താണോ അതവർക്ക് കൊടുക്കുകയും ചെയ്യുമായിരുന്നു. ചിലപ്പോൾ അവിടന്ന് വീട്ടിൽ ഭക്ഷണം കഴിക്കുകയായിരിക്കും. അപ്പോൾ ആരെങ്കിലും വന്നാൽ മടിയൊന്നും കൂടാതെ അവരെ കൂടെയിരുത്തുമായിരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അബ്ദുൽ ഹമീദ് ബിൻ സയ്ഫി തന്റെ പിതാവിൽനിന്നും പിതാമഹനിൽ നിന്നും നിവേദനം ചെയ്യുന്നു. സുഹയ്ബ്(റ) നബി(സ) തിരുമേനിയുടെ അടുക്കൽ വന്നു. ആ നേരത്ത് നബിയുടെ മുമ്പിൽ കാരക്കയും റൊട്ടിയും ഉണ്ടായിരുന്നു. അടുത്തുവന്നിരിക്കാനും തിന്നാനും നബി(സ) സുഹയ്ബിനോട് പറഞ്ഞു. നിവേദകൻ പറയുന്നു. സുഹയ്ബ് കാരക്ക മാത്രം തിന്നാൻ തുടങ്ങി. അപ്പോൾ നബിതിരുമേനി പറഞ്ഞു: “താങ്കളുടെ ഒരു കണ്ണിന് അസുഖമാണ്. (കൂടുതൽ കാരക്ക തിന്നുന്നത് സൂക്ഷിക്കുക) അപ്പോൾ ഞാൻ രണ്ടാമത്തെ കണ്ണുകൊണ്ടാണ് ഭക്ഷിക്കുന്നതെന്ന് സുഹയ്ബ് ഒരു കൂസലും കൂടാതെ പ്രതിവചിച്ചു.”

നോക്കുക, എത്രമാത്രം സാധാരണവും ഔപചാരികത്വം ഒന്നുമില്ലാത്തതുമായ ചുറ്റുപാടായിരുന്നു അത്. അവിടന്ന് ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ അതിഥികൾ വരികയും എന്നാൽ ഭക്ഷണം വളരെ കുറച്ചുമാത്രം ഉണ്ടാവുകയും ചെയ്ത സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്.

ഒരിക്കൽ നമസ്കാരം കഴിഞ്ഞ് എന്തോ ആവശ്യത്തിന്നായി ഒരു സഹാബി നബിതിരുമേനിയോടൊപ്പം നബിയുടെ വീട്ടിലേക്ക് വന്നു. അവിടന്ന് മുറിക്കുള്ളിലേക്ക് പോയി അല്പം ഭക്ഷണവുമായി തിരിച്ചുവന്നു. ഭക്ഷണം കഴിക്കാൻ അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം പറയുന്നു: പക്ഷെ, ഭക്ഷണം വളരെ കുറവായിരുന്നതുകൊണ്ട് ഞാൻ മടിച്ചിരുന്നു. താങ്കൾ എന്തിനാണ് വന്നതെന്ന് അവിടന്ന് ചോദിച്ചു. കാര്യം പറഞ്ഞതിനുശേഷം അദ്ദേഹം പോവുകയും ചെയ്തു.

ചില ഘട്ടങ്ങളിൽ നിരവധി അതിഥികൾ വരാറുണ്ടായിരുന്നു. അപ്പോൾ അവിടന്ന് അതിഥികളെ സഹാബാക്കൾക്ക് വീതിച്ചുകൊടുക്കുമായിരുന്നു. സഹാബാക്കൾക്കു മാത്രമല്ല വീതിച്ചുകൊടുത്തിരുന്നത് സ്വയം അതിഥികളെ വീട്ടിലേക്ക് കൊണ്ടുപോവുകയും ചെയ്തിരുന്നു. അത്തരം ഒരു സന്ദർഭം നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു.

അബു അബ്ദുല്ലാഹ് ബിൻ തുഹ്ഫ(റ) വിവരിക്കുന്നു. നബിയുടെ അടുക്കൽ അധികമധികമായി അതിഥികൾ ഒന്നിച്ചുവരുമ്പോൾ അവിടന്ന്, ഓരോരുത്തരും അവരവരുടെ അതിഥികളെ കൂടെക്കൊണ്ടുപോകാൻ സഹാബത്തിനോട് പറയുമായിരുന്നു. ഒരു രാത്രിയിൽ നബിയുടെ അടുക്കൽ ധാരാളം അതിഥികൾ വന്നു. നബി(സ) പറഞ്ഞു. ഓരോരുത്തരും അവരവരുടെ അതിഥികളെ കൂടെകൊണ്ടുപോവുക. അബ്ദുല്ലാഹ്ബിൻ തുഹ്ഫ(റ) പറയുന്നു: നബി(സ) തിരുമേനിയോടൊപ്പം പോയവരുടെ കൂട്ടത്തിലായിരുന്നു ഞാൻ. വീട്ടിലെത്തിയുടനെ ഹസ്റത്ത് ആയിശ(റ)യോട് നബി(സ) ചോദിച്ചു: കഴിക്കാനെന്തെങ്കിലും വീട്ടിലുണ്ടോ? നോമ്പുതുറക്കാൻ അങ്ങേക്കുവേണ്ടി കുറച്ചു ഭക്ഷണം ഉണ്ടാക്കിയിട്ടുണ്ടെന്ന് പറഞ്ഞ് ആയിശ(റ) അതൊരു പാത്രത്തിലാക്കി കൊണ്ടുവന്നു. അതിൽനിന്ന് അല്പം നബി(സ) എടുത്തുതിന്നു. പിന്നീട്, ബിസ്മില്ലാഹ് ചൊല്ലിക്കൊണ്ട് കഴിക്കാൻ ഞങ്ങളോട് പറഞ്ഞു. ഞങ്ങൾ അതിലേക്ക് നോക്കാതെ അതിൽനിന്ന് കഴിച്ചു. അതിനുശേഷം കുടിക്കാനെന്തെങ്കിലുമുണ്ടോ എന്ന് അവിടന്ന് ആയിശയോട് ചോദിച്ചു. അവർ പറഞ്ഞു, ഞാൻ അങ്ങേയ്ക്കുവേണ്ടി തയ്യാറാക്കിയ ഹരീറ ഉണ്ട്. അതുകൊണ്ടുവരാൻ അവിടന്ന് പറഞ്ഞു. ഹസ്റത്ത് ആയിശ(റ) അത് കൊണ്ടുവന്നു. നബി(സ) അതെടുത്തു തന്റെ വായോട് ചേർത്തുപിടിച്ചു. അല്പം കുടിച്ചുകൊണ്ട് പറഞ്ഞു: ബിസ്മില്ലാഹ് ചൊല്ലിക്കൊണ്ട് കുടിച്ചുകൊള്ളുക. പിന്നീട് ഞങ്ങൾ അതിലേക്ക് നോക്കാതെ കുടിക്കുകയും ചെയ്തു. അതിനുശേഷം ഞങ്ങൾ നബിയുടെ വീട്ടിൽനിന്ന് പള്ളിയിൽ മടങ്ങിവന്നു. ഇവിടെ വരുന്നതിനു മുമ്പേ നബി(സ) എവിടെയാണ് നിങ്ങൾ ഉറങ്ങാൻ ആഗ്രഹിക്കുന്നതെന്ന് ചോദിച്ചിരുന്നു. അതായത് ഇവിടെ താമസിക്കണോ അതോ പള്ളിയിൽ പോകണോ? പള്ളിയിൽ പോയി ഉറങ്ങാമെന്ന് ഞങ്ങളെല്ലാവരും പറഞ്ഞു. അവർ പറയുന്നു: ഞങ്ങൾ പള്ളിയിലേക്ക് പോന്നു. അവിടെ കിടന്നുറങ്ങി. നേരം വെളുത്തപ്പോൾ നബി(സ) വന്നു. നമസ്കാരത്തിന്നായി ഓരോരുത്തരേയും ഉണർത്തി.

ഇവിടെ പറഞ്ഞത് ആദ്യം നബി(സ) അത് കുടിച്ചു എന്നാണ്. ഇതിൽനിന്ന് തനിക്കാണ് ആദ്യം അവകാശപ്പെട്ടത് അതുകൊണ്ട് താൻ ആദ്യം കുടിക്കും എന്ന് നബിതിരുമേനി മനസ്സിലാക്കിയതായി ആരും കരുതരുത്. അതിന്റെ അളവ് വളരെ കുറച്ചായിരുന്നു. താൻ ആദ്യം ആ ഭക്ഷണം രുചിച്ചുനോക്കിയാൽ അതിൽ ബർക്കത്തുണ്ടാകുമെന്നും അവിടത്തെ ദുആ കൊണ്ട് ആ ഭക്ഷണം അതിഥികൾക്ക് തികയുമെന്നും നബി(സ)ക്ക് അറിയാമായിരുന്നു. അതുകൊണ്ടാണ് അവിടന്ന് ആദ്യമേ തിന്നാൻ തുടങ്ങിയത്. പിന്നീട് അതിഥികളുടെ വിശ്രമത്തിന്നായി, അവർ എവിടെ ഉറങ്ങാൻ ആഗ്രഹിക്കുന്നുവോ അവിടെ ഉറങ്ങിക്കൊള്ളാൻ പറയുകയും ചെയ്തു. കൂടാതെ രാവിലെ നമസ്കാരത്തിന്നായി അവരെ ഉണർത്തി. അതിഥികൾ വന്നാൽ അവർ നിങ്ങളുടെ മതത്തിൽ പെട്ടവരാണെങ്കിൽ അവരെ നമസ്കാരത്തിന്നായി ഉപദേശിക്കുക എന്നതും രാവിലെ ഉണർത്തുക എന്നതും അതിഥിസൽക്കാരത്തിൽ പെട്ടതുതന്നെയാണ്. അതുകൊണ്ടുതന്നെ നമ്മുടെ ജൽസയിലും അത്തരം ഏർപ്പാടുകൾ ചെയ്യാറുണ്ട്; ജനങ്ങൾ അധികമധികമായി നമസ്കാരത്തിൽ പങ്കെടുക്കാൻ വേണ്ടി.

തന്റെ അനുയായികൾ എങ്ങനെയാണ് പട്ടിണി കിടന്ന് ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതെന്ന് നബി(സ)ക്ക് അറിയാമായിരുന്നു. ഇങ്ങനെ ജീവിതം കഴിക്കുന്നതിൽ ഏറ്റവുമധികം ബുദ്ധിമുട്ടിയിരുന്നത് നബി(സ) തന്നെയായിരുന്നു. ആഹാരത്തിനുള്ള സാധനങ്ങൾ ലഭിക്കുമ്പോഴെല്ലാം അത് കുറച്ചാണെങ്കിൽപോലും തന്റെ ദുആ കൊണ്ട് അല്ലാഹു ആ ആഹാരത്തിൽ ബർക്കത്തിടുമെന്ന ദൃഢവിശ്വാസത്തോടുകൂടി തന്റെ അനുയായികളേയും മറ്റു വിശന്നുവലഞ്ഞിരിക്കുന്നവരേയും അവിടന്ന് വിളിച്ചുവരുത്തുമായിരുന്നു.

ഒരു സംഭവത്തെക്കുറിച്ച് ഇങ്ങനെ വന്നിരിക്കുന്നു. ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബി തിരുമേനി, ഉമ്മുസലീമിന്റെ വീടിന്നടുത്തുകൂടെ പോകുമ്പോൾ അവിടെ കയറുകയും അവർക്ക് സലാം പറയുകയും ചെയ്യുമായിരുന്നു. ഹസ്റത്ത് അനസ്(റ) പറയുന്നു: സൈനബ് ബിൻത് ജഹ്ശുമായി നബി(സ) തിരുമേനിയുടെ വിവാഹം നടന്നപ്പോൾ എന്റെ ഉമ്മ ഉമ്മുസലീം എന്നോട് പറഞ്ഞു, നാം നബി(സ) തിരുമേനിക്ക് എന്തെങ്കിലും പാരിതോഷികം നല്കുകയാണെങ്കിൽ അത് എത്രമാത്രം നല്ലതായിരിക്കും. പാരിതോഷികം കൊടുത്തയക്കാൻ ഞാൻ ഉമ്മയോട് പറഞ്ഞു. എന്റെ വാക്കുകേട്ട് ഉമ്മ കാരക്കയും നെയ്യും പനീറും ഒരു പാത്രത്തിലിട്ട് ഹയ്ഥ് എന്നുപേരുള്ള ഒരു ഭക്ഷണം

തയ്യാറാക്കി. അത് എന്റെ കയ്യിൽ തന്ന് നബിയുടെ അടുക്കലേക്ക് പറഞ്ഞയച്ചു. ഞാൻ നബിതിരുമേനിയുടെ അടുക്കൽ എത്തിയപ്പോൾ അവിടന്ന് പറഞ്ഞു, ഈ ഭക്ഷണപാത്രം ഇവിടെ വെക്കുക. എന്നിട്ട് ഇന്നയിന്നവരെയെല്ലാം വിളിച്ചുകൊണ്ടുവരിക. ആരെകണ്ടാലും ഞാൻ വിളിക്കുന്നു എന്ന് നീ അവരോട് പറയണം. ഹസ്റത്ത് അനസ്(റ) പറയുന്നു: ഞാൻ നബിതിരുമേനി പറഞ്ഞതുപോലെ പറഞ്ഞതുപോലെ ചെയ്തു. തിരിച്ചെത്തിയപ്പോൾ ആളുകളെകൊണ്ട് വീട് നിറഞ്ഞിരിക്കുന്നതാണ് ഞാൻ കണ്ടത്. നബി(സ) തന്റെ പരിശുദ്ധമായ കരം ആ ഭക്ഷണത്തിനുമീതെ വെച്ചു. ബർക്കത്തുണ്ടാകുന്നതിനുവേണ്ടി കുറേനേരം ദുആ ചെയ്തുകൊണ്ടിരുന്നു. പിന്നീട് നബി(സ) പതുപ്പത്തുപേരെ വിളിക്കാൻ തുടങ്ങി. ബിസ്മില്ലാഹ് ചൊല്ലിക്കൊണ്ട് ഭക്ഷിച്ചുകൊള്ളാൻ അവരോട് പറഞ്ഞു. അവർ ആ പാത്രത്തിൽനിന്ന് തിന്നാൻ തുടങ്ങി. ഓരോരുത്തരും അവരുടെ മുൻഭാഗത്തുനിന്നാണ് ഭക്ഷണം കഴിച്ചത്. നബി (സ) എല്ലാവരേയും ഇങ്ങനെ വിളിച്ചുകൊണ്ടിരുന്നു. അങ്ങനെ അവരെല്ലാവരും സുഭിക്ഷമായി ഭക്ഷണം കഴിച്ചു.

നോക്കുക, ഭക്ഷണം വന്നുടനെ അതെടുത്ത് തിന്നുകയല്ല ചെയ്തത്, പ്രത്യുത ഉടനെ മറ്റുള്ളവരെക്കുറിച്ച് ഓർത്തു. വിശന്നുവലഞ്ഞിരിക്കുന്ന മറ്റുള്ളവർക്കും അത് കൊടുക്കണമെന്ന വിചാരമുണ്ടായി. ഇതായിരുന്നു നബിതിരുമേനിയുടെ അതിഥി സൽക്കാരം. വിശക്കുന്നവരേയും ആവശ്യക്കാരേയും വിളിച്ച് ദൈവകല്പന അനുസരിച്ച് അവർക്കെല്ലാം ഭക്ഷണം കൊടുത്തു. ആതിഥ്യമരുളി. താൽക്കാലികമായി ഇങ്ങനെ വല്ലപ്പോഴും ആളുകളെ വിളിച്ച് അതിഥി സൽക്കാരം നടത്തുക മാത്രമല്ല നബിതിരുമേനി ചെയ്തത്. ചില അതിഥികളെ അവിടന്ന് സ്ഥിരമായി കൂടെ പാർപ്പിച്ചിരുന്നു. അവരുടെ ഭക്ഷണത്തിന് സ്ഥിരമായിട്ടുള്ള ഏർപ്പാട് ചെയ്തിരുന്നു. വാസ്തവത്തിൽ വീട്ടിൽത്തന്നെ അക്കാലത്ത് ഭക്ഷണത്തിന് ഞെരുക്കമുണ്ടായിരുന്നു. എങ്കിലും അതിഥികൾക്ക് ഭക്ഷണത്തിനുള്ള ഏർപ്പാടുണ്ടാക്കി എന്നുമാത്രമല്ല നിങ്ങളുടെ വയറുനിറഞ്ഞതിനുശേഷം എനിക്കുള്ളത് അവിടെ വെച്ചേക്കുക എന്ന് പറഞ്ഞ് ഭക്ഷണം മുഴുവനും അവരെ ഏല്പിച്ചുകൊടുക്കുകയായിരുന്നു പതിവ്.

ഹസ്റത്ത് മിഖ്ദാദ് ബിൻ അസ്‌വദ്(റ) നിവേദനം ചെയ്യുന്നു. കഠിനാധ്വാനം കാരണത്താൽ കാഴ്ചയും കേൾവിയും നഷ്ടപ്പെട്ട എന്റെ രണ്ട് കൂട്ടുകാരും ഞാനും കൂടി നബിതിരുമേനിയുടെ സഹാബത്തിന്റെ അടുക്കൽ വന്നു. എന്നാൽ, അവരിൽ ആരും ഞങ്ങളെ ശ്രദ്ധിക്കുകപോലും ചെയ്തില്ല. പിന്നീട് ഞങ്ങൾ നബിതിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അവിടന്ന് ഞങ്ങളെ തന്റെ വീട്ടിലേക്കു കൊണ്ടുപോയി. അവിടെ മൂന്ന് ആടുകളുണ്ടായിരുന്നു. ഇതിനെ കറക്കുക എന്ന് അവിടന്ന് പറഞ്ഞു. അങ്ങനെ ഞങ്ങൾ ഞങ്ങൾക്കു വേണ്ടത് കുടിക്കുകയും നബിതിരുമേനിക്കുള്ളത് കൊണ്ടുകൊടുക്കുകയും ചെയ്തു. അതായത്, ഭക്ഷണത്തിനുള്ള ഏർപ്പാട് അവരെത്തന്നെ ഏല്പിച്ചു. എന്നിട്ട് പറഞ്ഞു നിങ്ങൾ കുടിച്ചുകൊള്ളുക. എനിക്കുള്ളത് ആരുടെയെങ്കിലും കയ്യിൽ കൊടുത്തയക്കുക.

നബി(സ)തിരുമേനി രാത്രിനേരത്ത് വരികയും വീട്ടിലെത്തിയാൽ സലാം പറയുകയും ചെയ്യുമായിരുന്നു. പക്ഷെ, ഉറങ്ങുന്നവർ ഉണരുന്നത്ര ഉച്ചത്തിൽ സലാം പറയുമായിരുന്നില്ല. ഉണർന്നിരിക്കുന്നവർക്ക് മാത്രം കേൾക്കാൻ കഴിയുന്നവിധത്തിലായിരുന്നു അവിടന്ന് സലാം പറഞ്ഞിരുന്നത്. പിന്നീട് അവിടന്ന് പള്ളിയിൽ പോകും, നമസ്കരിക്കും. അപ്പോൾ നബിയുടെ അടുക്കൽ കുടിക്കാൻ പാലുകൊണ്ടുവരും. അത് അവിടന്ന് വാങ്ങി കുടിക്കുകയും ചെയ്യും.

അദ്ദേഹം പറയുന്നു: ഒരിക്കൽ നല്ല വിശപ്പുണ്ടായിരുന്നതുകൊണ്ട് ഞാൻ പാൽ മുഴുവനും കുടിച്ചുതീർത്തു. നബി(സ) തിരിച്ചുവന്നപ്പോൾ പാൽ ഒട്ടും ഉണ്ടായിരുന്നില്ല. എന്നാൽ നബിയുടെ അനുഗ്രഹം കാരണത്താൽ ആട് വീണ്ടും പാൽ ചുരത്തി. അത് കറന്നെടുത്ത് ഞാൻ നബി(സ)ക്ക് കൊടുത്തു. ആദ്യം താങ്കൾ തന്നെ കുടിക്കുക എന്ന് അവിടന്ന് പറഞ്ഞു. അപ്പോൾ പാൽ മുഴുവൻ കുടിച്ച വിവരം ഞാൻ നബിയോട് പറഞ്ഞിരുന്നില്ല. എന്തായാലും ആദ്യം അവിടന്ന് അല്പം കുടിക്കുകയും ബാക്കി അതിഥികൾക്ക് കൊടുക്കുകയും ചെയ്തു.

സ്ഥിരമായിട്ടുള്ള അതിഥിസൽക്കാരത്തെ സംബന്ധിച്ച് മറ്റൊരു നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു. മാലിക്ക് ബിൻ അബീആമിർ(റ) സുദീർഘമായ ഒരു നിവേദനത്തിൽ പറയുന്നു: ഒരാൾ ത്വൽഹാബിൻ ഉബയ്ദുല്ലായുടെ അടുക്കൽ ചെന്നു. പറഞ്ഞു അബൂ മുഹമ്മദേ! താങ്കൾ ആ അബൂഹുറയ്(റ)യെ കാണുന്നില്ലേ? അദ്ദേഹം നിങ്ങളെക്കാൾ കൂടുതൽ നബി(സ)യുടെ ഹദീസുകൾ അറിയുന്നയാളാണ്. നിങ്ങളിൽനിന്ന് കേട്ടിട്ടില്ലാത്ത ഹദീസുകൾ ഞങ്ങൾ അദ്ദേഹത്തിൽനിന്ന് കേട്ടിട്ടുണ്ട്. അപ്പോൾ അദ്ദേഹം പറഞ്ഞു: അതിലൊരു സംശയവുമില്ല. നമ്മൾ കേൾക്കാത്ത കാര്യങ്ങൾ അദ്ദേഹം നബിതിരുമേനിയിൽനിന്ന് കേട്ടിട്ടുണ്ട്. അതിന് കാരണം അദ്ദേഹം മിസ്ക്കീൻ ആയിരുന്നു എന്നതാണ്. അദ്ദേഹത്തിന്റെ പക്കൽ ഒന്നും ഉണ്ടായിരുന്നില്ല. അദ്ദേഹം നബിതിരുമേനിയുടെ അതിഥിയായിക്കൊണ്ടാണ് താമസിച്ചുപോന്നിരുന്നത്. അദ്ദേഹത്തിന്റെ കൈകൾ നബിതിരുമേനിയുടെ കൈകളോടൊപ്പമായിരുന്നു. ഞങ്ങൾ പല വീടുകളിൽ വസിക്കുന്നവരും സമ്പന്നരുമായിരുന്നു. ഞങ്ങൾ നബിയുടെ അടുക്കൽ ചിലപ്പോൾ വൈകുന്നേരവും ചിലപ്പോൾ രാവിലേയുമായിരുന്നു വരാറുണ്ടായിരുന്നത്. നബിയുടെ അടുക്കൽ എന്തെങ്കിലും ഭക്ഷണസാധനങ്ങൾ വന്നാൽ അവിടന്ന് സ്ഥിരമായി അവിടെ

കഴിഞ്ഞിരുന്ന ഇത്തരക്കാരെയാണ് ആദ്യം വിളിക്കാറുണ്ടായിരുന്നതെന്ന് മറ്റൊരു നിവേദനത്തിൽ വന്നിട്ടുണ്ട്.

തന്റെ അതിഥി തിന്നുന്നത് താൻ നോക്കിക്കൊണ്ടിരിക്കുന്നു എന്ന തോന്നൽ അതിഥിക്ക് നബി(സ) ഒരിക്കലും കൊടുത്തിരുന്നില്ല. അങ്ങനെയായാൽ അതിഥിക്ക് ഭക്ഷണം കഴിക്കാൻ മടിയാകുമെന്ന് നബി(സ)ക്ക് അറിയാമായിരുന്നു. നാണിച്ച് വേഗത്തിൽ ഭക്ഷണം കഴിക്കുന്നത് നിർത്തിക്കളയാതിരിക്കാൻ അതിഥി ഭക്ഷണം കഴിച്ചുതീരുന്നതുവരെ അവിടന്ന് പതുക്കെപതുക്കെ ഭക്ഷണം കഴിക്കുമായിരുന്നു.

അവിശ്വാസിയായ അതിഥിയും ചിലപ്പോൾ എത്തുകയും ആവശ്യത്തിലധികം ഭക്ഷിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷെ, അവിടന്ന് അസന്തുഷ്ടിയൊന്നും പ്രകടിപ്പിച്ചിട്ടില്ല. അതിഥി എത്രത്തോളം ഇഷ്ടപ്പെടുന്നുവോ അത്രത്തോളം ഭക്ഷണം അവർക്ക് കൊടുക്കുമായിരുന്നു.

ഒരു സംഭവം ഇങ്ങനെ വന്നിരിക്കുന്നു. ഹസ്റത്ത് അബൂ ഹുറയ്റ(റ) ഇങ്ങനെ നിവേദനം ചെയ്യുന്നു. അവിശ്വാസിയായ ഒരാൾ നബിയുടെ അടുക്കൽ അതിഥിയായി വന്നു. ഹസ്റത്ത് റസൂൽ കരീം(സ) ഒരാടിനെ കറന്ന് പാലുകൊണ്ടുവരാൻ നിർദ്ദേശം കൊടുത്തു. ആ പാൽ അവിശ്വാസിക്ക് കൊടുക്കുകയും അയാളത് കുടിക്കുകയും ചെയ്തു. പിന്നീട് രണ്ടാമത്തേയും മൂന്നാമത്തേയും അങ്ങനെ ഏഴ് ആടുകളേയും കറന്ന് പാൽ കൊണ്ടുവന്ന് അയാളെ കുടിപ്പിച്ചു. അടുത്ത ദിവസം പ്രഭാതത്തിൽ അയാൾ മുസ്ലിമായി. അപ്പോൾ നബി തിരുമേനി അയാൾക്കുവേണ്ടി ഒരാടിനെ കറന്ന് പാൽ കൊണ്ടുവരാൻ പറഞ്ഞു. അതയാൾ കുടിച്ചു. രണ്ടാമതൊരാടിന്റെ പാൽ കൊണ്ടുവന്നു. പക്ഷെ, അത് മുഴുവനും കുടിക്കാൻ അയാൾക്ക് കഴിഞ്ഞില്ല. നബിതിരുമേനി പറഞ്ഞു: സത്യവിശ്വാസി ഒരു കുടലിലേക്കാണ് കുടിക്കുന്നത്; അവിശ്വാസി ഏഴ് കുടലിലേക്കും. അവിശ്വാസി ആയിരുന്നെങ്കിലും അയാൾ അതിഥിയായിരുന്നു. പക്ഷെ, കൂടുതൽ കഴിച്ചാൽ വയറ് കേടാകും എന്ന് അയാൾക്ക് തോന്നാനുള്ള അവസരം കൊടുത്തില്ല. പക്ഷെ, നബിയുടെ പെരുമാറ്റം കാരണം അടുത്ത ദിവസം അയാൾ മുസ്ലിമായി. അപ്പോൾ അയാൾക്ക് മനസ്സിലായി ജീവിതത്തിന്റെ ലക്ഷ്യം വെറും തിന്നുകയും കുടിക്കുകയും ചെയ്യുക എന്നത് മാത്രമല്ലെന്ന്. ഒറ്റരാത്രികൊണ്ട് അയാൾക്ക് ഇസ്ലാമിനെ ഉൾക്കൊള്ളാൻ തൗഫീഖ് കിട്ടി. പിന്നീട് ജീവിതോദ്ദേശ്യവും എന്താണെന്ന് മനസ്സിലായി.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഒരു സംഭവം ഇങ്ങനെ വിവരിക്കുന്നു. “നമ്മുടെ പ്രവാചകൻ (സ) ദാരിദ്ര്യത്തെ സ്വീകരിച്ചു. ഏതോ ഒരു ക്രിസ്ത്യാനി നമ്മുടെ നബിതിരുമേനിയുടെ അടുക്കൽ വന്നു. അവിടന്ന് ഒരുപാട് അയാളെ സൽക്കരിച്ചു. അയാൾക്ക് നല്ല വിശപ്പുണ്ടായിരുന്നു. അവിടന്ന് അദ്ദേഹത്തിന് വയറു നിറച്ച് ഭക്ഷണം നല്കി. അങ്ങനെ അയാളുടെ വയറ് വല്ലാതെ നിറഞ്ഞു. രാത്രി സ്വന്തം പുതപ്പ് നബിതിരുമേനി അയാൾക്ക് കൊടുത്തു. രാത്രി ഉറങ്ങുമ്പോൾ അയാളുടെ വയറിളകി. പിടിച്ചുനിർത്താൻ കഴിഞ്ഞില്ല. പുതപ്പിൽതന്നെ എല്ലാം നടന്നുപോയി. തന്റെ ഈ അവസ്ഥ കാണുമ്പോൾ തന്നോട് വെറുപ്പുണ്ടാകുമെന്ന് കരുതി അവിടെനിന്ന് അതിരാവിലെ അയാൾ മുങ്ങി. രാവിലെ സഹാബത്ത് ഇത് കണ്ടപ്പോൾ നബിയോട് വന്ന് വിവരം പറഞ്ഞു. നബിതിരുമേനി അവരോട് പറഞ്ഞു: അതെനിക്ക് തരിക. ഞാൻ അത് കഴുകി വൃത്തിയാക്കിക്കൊള്ളാം. അങ്ങ് ബുദ്ധിമുട്ടണ്ട ഞങ്ങൾ വൃത്തിയാക്കിക്കൊള്ളാമെന്ന് അനുചരന്മാർ പറഞ്ഞു. അപ്പോൾ നബിതിരുമേനി പ്രതിവചിച്ചു: അദ്ദേഹം എന്റെ അതിഥിയായിരുന്നു. അതുകൊണ്ട് ഞാൻ തന്നെയാണ് അത് വൃത്തിയാക്കേണ്ടത്. ഇതുപറഞ്ഞ് ഉടനെ അവിടന്ന് എഴുന്നേറ്റ് വെള്ളമെടുത്ത് അത് വൃത്തിയാക്കാൻ തുടങ്ങി. ഒരു മൈൽ ദൂരത്തെത്തിയ ആ ക്രിസ്ത്യാനി മറന്നുപോയ തന്റെ സ്വർണ്ണകുരിശ് എടുക്കാൻ തിരിച്ചുവന്നപ്പോൾ നബിതിരുമേനി ആ പുതപ്പ് വൃത്തിയാക്കുന്നതാണ് കണ്ടത്. അയാൾ ലജ്ജിച്ച് തല താഴ്ത്തി. അയാൾ പറഞ്ഞു: അതെന്റെടുത്തായിരുന്നെങ്കിൽ ഞാൻ എന്റെ കൈകൊണ്ട് ഒരിക്കലും കഴുകുമായിരുന്നില്ല. ഈ മനുഷ്യൻ അല്ലാഹുവിൽനിന്നുള്ള ആളാണെന്ന് അയാൾക്ക് മനസ്സിലാവുകയും അയാൾ മുസ്ലിമാവുകയും ചെയ്തു.”

എന്തെന്തെല്ലാം രീതിയിലുള്ള ഉദാഹരണങ്ങളാണ് നമ്മുടെ നബി(സ) മാതൃകയെന്നോണം നമുക്ക് കാണിച്ചുതന്നതെന്ന് നോക്കുക. സംഘമായിട്ട് അതിഥികൾ വരുമ്പോഴും അവിടന്ന് അതിനുള്ള ഏർപ്പാട് ചെയ്തിരുന്നു. ഒരു സംഘം അതിഥികളെ സ്വീകരിക്കാൻ വേണ്ടി നബിതിരുമേനി അൻസാറിനെ ഏല്പിച്ചുകൊണ്ട് പറഞ്ഞു: ഇവരെ പ്രത്യേകം ശ്രദ്ധിക്കുകയും നല്ലവണ്ണം സൽക്കരിക്കുകയും ചെയ്യണം. അടുത്ത ദിവസം ആ സംഘത്തിൽപെട്ട ഒരാളോട് അവിടന്ന് ചോദിച്ചു. നിങ്ങളുടെ സഹോദരന്മാർ നിങ്ങളെ നല്ലനിലയിൽ സല്ക്കരിച്ചുവോ? എല്ലാവരും പറഞ്ഞു: യഥാർത്ഥത്തിൽ അവർ ആതിഥ്യത്തിന്റെ കടമ ശരിയായ നിലയിൽ നിറവേറ്റി. അവർ ഞങ്ങൾക്കുവേണ്ടി രുചികരമായ ഭക്ഷണം ഏർപ്പാട് ചെയ്യുകയും മാർദ്ദവമുള്ള കിടക്കകൾ വിരിക്കുകയും ചെയ്തു. ഖുർആൻ -സുന്നത്തിന്റെ കാര്യങ്ങളും ഞങ്ങളെ പഠിപ്പിച്ചു. അപ്പോൾ നബിതിരുമേനി വളരെ സന്തോഷവാനായി.

ഭൗതികമായി അവരെ സൽക്കരിക്കുന്നതോടൊപ്പം ആത്മീയമായ നിലയിൽ ശിക്ഷണവും നബി(സ) അവർക്ക് കൊടുത്തിരുന്നു. ഇതുതന്നെയാണ് അവിടന്ന് സഹാബത്തിനെ പഠിപ്പിച്ചതും.

ഒരു സംഘം അതിഥികളെ നബി(സ) നേരിട്ട് സൽക്കരിക്കുകയുണ്ടായി. ആദ്യകാലത്ത് പീഡിതരും വിഷമം അനുഭവിക്കുന്നവരുമായ മുസ്‌ലിംകളുടെ മേൽ എതിരാളികൾ അതിക്രമം പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ ഈ സംഘത്തിൽപ്പെട്ട ആളുകളായിരുന്നു മുസ്‌ലിംകളോട് നല്ലരീതിയിൽ പെരുമാറിയിരുന്നത്. ചുരുക്കിപ്പറഞ്ഞാൽ അതിഥിയെ സൽക്കരിക്കുന്നതിനുള്ള അവസരം പാർത്തിരിക്കുകയായിരുന്നു നബി(സ). ഇതു തന്നെയാണ് സഹാബത്തിനോട് ഉപദേശിച്ചതും. തന്റെ കർമ്മങ്ങൾ കൊണ്ട് ഈ സൽപെരുമാറ്റം തന്റെ ഉമ്മത്തിനെ അവിടന്ന് പഠിപ്പിച്ചു. ഹസ്റത്ത് അബൂ ഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ആതിഥേയൻ അതിഥിയോടൊപ്പം യാത്രയയക്കാൻ വീട്ടു പടിക്കൽവരെ പോകേണ്ടതാണ്. ഇതും അതിഥികളെ ആദരിക്കുന്നതിൽപ്പെട്ടതാണ്.

ഹസ്റത്ത് അബുഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. ആരാണോ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നത് അവൻ നല്ല കാര്യങ്ങൾ പറയട്ടെ. ഇല്ലെങ്കിൽ മൗനം പാലിക്കട്ടെ. ആരാണോ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നത് അവൻ തന്റെ അയൽവാസിയെ ആദരിക്കട്ടെ. ആരാണോ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നത് അവൻ തന്റെ അതിഥിയെ സൽക്കരിക്കട്ടെ.

അതിഥി സൽക്കാരവും ഈമാനിന്റെ അടയാളങ്ങളിൽപ്പെട്ട ഒരടയാളമാണ്. മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. അവിടന്ന് പറഞ്ഞു: അതിഥിയോടുള്ള അനുവദനീയമായ കടമ നിറവേറ്റുക. അനുവദനീയമെന്നതിനെക്കുറിച്ച് പറഞ്ഞു. കുറഞ്ഞത് ഒരു രാവും ഒരു പകലുമുള്ള അതിഥിസൽക്കാരമാണത്. അതിഥി സൽക്കാരം മൂന്ന് ദിവസമാണെന്നും പറഞ്ഞിട്ടുണ്ട്.

നബിയുടെ ഈ മാതൃകയുടെ സ്വാധീനഫലമായി സഹാബത്തും തങ്ങളുടേയും തങ്ങളുടെ മക്കളുടേയും വയറ് വെട്ടിക്കുറച്ച് സ്വയം പട്ടിണികിടന്ന് അതിഥി സൽക്കാരം നടത്തുമായിരുന്നു.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. ഒരു യാത്രക്കാരൻ നബിയുടെ അടുക്കൽ വന്നു. അതിഥിക്ക് ഭക്ഷണം കൊടുത്തയക്കാൻ വീട്ടിലേക്ക് ആളെ പറഞ്ഞയച്ചു. വെള്ളമല്ലാതെ മറ്റൊന്നുമില്ലെന്നാണ് വീട്ടിൽനിന്ന് മറുപടി കിട്ടിയത്. നബിതിരുമേനി സഹാബത്തിനോട് ചോദിച്ചു: ഈ അതിഥിക്ക് ആരാണ് ഭക്ഷണം കൊടുക്കുക. ഒരു അൻസാരി പറഞ്ഞു, ഞാൻ കൊടുത്തുകൊള്ളാം. അയാൾ വീട്ടിലേക്ക് പോയി. നബി തിരുമേനിയുടെ അതിഥിക്ക് ഭക്ഷണത്തിനുള്ള ഏർപ്പാട് ചെയ്യുക എന്ന് ഭാര്യയോട് പറഞ്ഞു. ഇവിടെ കുട്ടികൾക്കുള്ള ഭക്ഷണമേയുള്ളൂ എന്ന് ഭാര്യ അറിയിച്ചു. അൻസാരി പറഞ്ഞു: നീ ഭക്ഷണം തയ്യാറാക്കുക പിന്നീട് വിളക്ക് തെളിക്കുക. കുട്ടികളുടെ ഭക്ഷണസമയം വരുമ്പോൾ അവരെ എന്തെങ്കിലുമൊക്കെ പറഞ്ഞ് ഉറക്കുക. അദ്ദേഹത്തിന്റെ ഭാര്യ ഭക്ഷണം തയ്യാറാക്കി വിളക്ക് തെളിച്ചു, കുട്ടികൾക്കൊന്നും കൊടുക്കാതെ ഉറക്കി. പിന്നീട് വിളക്ക് ശരിയാക്കാമെന്നനിലയിൽ എഴുന്നേറ്റ് വിളക്കണച്ചു. പിന്നീടവർ രണ്ടുപേരും അതിഥിയോടൊപ്പം ഇരുന്ന് ഭക്ഷണം കഴിക്കുന്നതുപോലെ അഭിനയിച്ചു. ആതിഥേയരും തന്നോടൊപ്പമിരുന്ന് ഭക്ഷണം കഴിക്കുന്നുണ്ടെന്ന് മനസ്സിലാക്കി അതിഥി മടികൂടാതെ വയറുനിറയെ ഭക്ഷണം കഴിക്കുന്നതിനുവേണ്ടിയായിരുന്നു അവർ ഇങ്ങനെ ചെയ്തത്. അങ്ങനെ അതിഥി ഭക്ഷണം കഴിച്ചു. അവർ പട്ടിണി കിടക്കുകയും ചെയ്തു. രാവിലെ ആ അൻസാരി നബിയുടെ അടുക്കൽ വന്നപ്പോൾ അവിടന്ന് ചിരിച്ചുകൊണ്ട് പറഞ്ഞു: നിങ്ങളുടെ രാത്രിയിലെ തന്ത്രം കണ്ട് അല്ലാഹുപോലും ചിരിച്ചുപോയി. ഈ ഖുർആനിക വചനം നബിതിരുമേനിക്കിറങ്ങി. ***വ യുഅ്സിറൂന അലാ അൻഫുസിഹിം വലവ് കാനബിഹിം ഖസ്വാസ്വാ*** തങ്ങൾക്ക് ദാരിദ്ര്യമുണ്ടെങ്കിൽപോലും അവർ തങ്ങളെക്കാൾ മറ്റുള്ളവർക്ക് മുൻഗണന നല്കുന്നു. (ഹശ്ർ-10)

അതിഥി സൽക്കാരത്തിന്റെ എത്രമാത്രം ഉന്നതമായ നിലയാണ് സഹാബത്ത് ലോകത്ത് നടപ്പിൽ വരുത്തിയതെന്ന് നോക്കുക.

നബിതിരുമേനിയുടെ സുന്നത്തനുസരിച്ച് ജീവിതം കാഴ്ചവെച്ച വാഗ്ദത്ത മഹ്ദി മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ മാതൃക ഇക്കാലഘട്ടത്തിൽ നമ്മുടെ മുമ്പിലുണ്ട്. ആ മഹാത്മാവ് എങ്ങനെയായിരുന്നു അതിഥികളെ സ്വീകരിച്ചിരുന്നത്. അവിടന്ന് ജമാഅത്തിനെ അതുപദേശിക്കുകയും ചെയ്തു. ജമാഅത്തിനെ സംബോധന ചെയ്തുകൊണ്ട് അവിടന്ന് പറഞ്ഞു ഏതെങ്കിലും അതിഥി വരികയും അയാൾ കഠിനമായും പരുഷമായും പെരുമാറുകയും ചെയ്താലും ക്ഷമ കൈക്കൊള്ളണമെന്നതാണ് എന്റെ ചിട്ട. കാരണം അവർ ശിഷ്യന്മാരിൽപെട്ടവരല്ല. ശിഷ്യന്മാരിൽനിന്ന് ആഗ്രഹിക്കുന്ന പെരുമാറ്റം അവരിൽനിന്നാഗ്രഹിക്കാൻ നമുക്കെന്തവകാശമാണുള്ളത്? അവർ മൃദുവായി സംസാരിക്കുന്നത് അവരുടെ ഔദാര്യമായി നാം കരുതുന്നു. സന്ദർശകരോടുള്ള ബാധ്യത നിനക്കുണ്ടെന്ന് നബി(സ) പറഞ്ഞിരിക്കുന്നു. അതിഥികൾക്ക് നിങ്ങളിൽ നിന്ന് അല്പംപോലും വേദയുണ്ടായാൽ അത് പാപങ്ങളിൽ പെടുന്നതാണ്. അഹ്മദിയാണെങ്കിലും അനഹ്മദിയാണെങ്കിലും അതിഥി, അതിഥിതന്നെയാണ്. അനഹ്മദിയോട് നല്ല രീതിയിൽ പെരുമാറുകയും അഹ്മദിയോട് നല്ലരീതിയിൽ പെരുമാറാതിരിക്കുകയും ചെയ്യുന്നത് ശരിയല്ല. അനഹ്മദികൾക്ക് ഇക്കാര്യം അറിയില്ല. അഹ്മദികൾക്ക് ഇതെല്ലാം അറിയുന്നതാണ്. അതുകൊണ്ടാണ് അവിടന്ന് പറഞ്ഞത് അതിഥി എന്ന നിലയിലും അനഹ്മദി എന്ന നിലയിലും നിങ്ങൾ അവരെ കൂടുതൽ ആദരിക്കുക.

ഹുജ്ജത്തുല്ലാ ഹസ്റത്ത് മസീഹ് മൗഊദ്(അ) നബി(സ) തിരുമേനിയെപോലെ അതിഥിസൽക്കാരങ്ങളിൽ ഉന്നതമായ മാതൃകയാണ്. അവിടത്തെ സന്നിധിയിൽ ഇരിക്കാൻ കഴിഞ്ഞിട്ടുള്ളവർ ഇതുനല്ലവണ്ണം അറിയുന്നവരാണ്. ജമാഅത്തിൽപെട്ടയാളാണെങ്കിലും പെടാത്തയാളാണെങ്കിലും അതിഥിക്ക് എന്തെങ്കിലും അല്പം വിഷമമുണ്ടായാൽ അത് ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ ഏറെ അസ്വസ്ഥനാക്കുമായിരുന്നു. ആത്മാർത്ഥരായ അഹ്മദികളെ സംബന്ധിച്ചിടത്തോളം ഇത് കൂടുതലാകുമായിരുന്നു. ഇതുമായി ബന്ധപ്പെട്ട ഒരു സംഭവം നാം വിവരിക്കാം. പഞ്ചാബ്, ലാഹോറിലെ മിയാ ഹിദായത്തുല്ലാ സാഹിബ് ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ അങ്ങേയറ്റം സ്നേഹിക്കുന്നയാളായിരുന്നു. അദ്ദേഹം കുറച്ചുദിവസത്തിനായി ഗുരുദാസ്പൂരിൽവന്നതായിരുന്നു. ഇന്നദ്ദേഹം വിടചോദിച്ചപ്പോൾ ഹസ്റത്ത മസീഹ് മൗഊദ്(അ) പറഞ്ഞു: താങ്കൾ അവിടെ ചെന്നിട്ട് എന്ത് ചെയ്യാനാണ്. ഇവിടത്തന്നെ നില്ക്കുക. ഒന്നിച്ചുപോകാം. താങ്കൾ ഇവിടെ താമസിക്കുന്നത് അനുഗ്രഹത്തിന് കാരണമാണ്. എന്തെങ്കിലും വിഷമമുണ്ടെങ്കിൽ പറയുക. അതകറ്റാൻ ഏർപ്പാട് ചെയ്യാം. അതിനുശേഷം ജമാഅത്തംഗങ്ങളോട് പറഞ്ഞു: ആളുകൾ ധാരാളം വന്നിട്ടുണ്ട്. ആർക്കെങ്കിലും എന്തെങ്കിലും ആവശ്യമുള്ളത് പ്രവർത്തകന്മാരുടെ ശ്രദ്ധയിൽനിന്ന് വിട്ടുപോകാൻ ഇടയുണ്ട്. അതുകൊണ്ട് ഓരോരുത്തർക്കും എന്താണോ ആവശ്യം അവർ ഒരു മടിയും കൂടാതെ പറയുക. ആരെങ്കിലും തന്റെ ആവശ്യം മനഃപൂർവ്വം മറച്ചുവെക്കുകയാണെങ്കിൽ അയാൾ പാപിയാണ്. നമ്മുടെ ജമാഅത്തിന്റെ ചിട്ടതന്നെ കൃത്രിമം കാണിക്കാതിരിക്കുക എന്നതാണ്." പിന്നീട് ഹുസൂർ സർവ്വ രക്ഷാ സാഹിബിനെ വിളിച്ച് മിയാ ഹിദായത്തുല്ലാ സാഹിബിനെ വേണ്ടതൊക്കെ ചെയ്തുകൊടുക്കാൻ പറഞ്ഞു.

ഒരിക്കൽ ആസാമിൽനിന്ന് കുറച്ചതിഥികൾ വന്നു. ലങ്കർഖാനയിൽ അവർ വന്നിറങ്ങിയപ്പോൾ അവിടെത്തെ വേലക്കാരുടെ പെരുമാറ്റത്തിൽ അതൃപ്തി തോന്നിയ അവർ വന്ന കുതിരവണ്ടിയിൽതന്നെ തിരിച്ചുപോയി. ഈ വിവരം ഹസ്റത്ത് മസീഹ് മൗഊദ്(അ) അറിഞ്ഞപ്പോൾ അവിടന്ന് വല്ലാതെ വെറുപ്പ് പ്രകടിപ്പിച്ചു. പെട്ടെന്നുതന്നെ അവിടന്ന് ഇറങ്ങി അവരുടെ പിന്നാലെ പോയി പുഴക്കരയിലെത്തി അവരെ തടഞ്ഞ് മടക്കിക്കൊണ്ടുവന്നു. നിങ്ങൾ കുതിരവണ്ടിയിൽ പോയ്ക്കൊള്ളുക, ഞാൻ നടന്നുവരാമെന്ന് അവിടന്ന് പറഞ്ഞുവെങ്കിലും അവർ നിർബ്ബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വണ്ടിയിൽ കയറ്റി. അങ്ങനെ അവർ തിരിച്ച് ഖാദിയാനിൽ എത്തി. ലങ്കർഖാനയിൽ എത്തിയപ്പോൾ അവിടന്ന് സ്വയം സാധനം എടുത്ത് ഇറക്കാൻ തുടങ്ങി. പക്ഷെ, ജോലിക്കാർ സമ്മതിച്ചില്ല. അവർ ലജ്ജിച്ച് തല താഴ്ത്തിക്കൊണ്ട് പെട്ടെന്ന് മുന്നോട്ടു വരികയും സാധനങ്ങളെല്ലാം എടുത്ത് മുറിക്കുള്ളിൽ കൊണ്ടുവെക്കുകയും ചെയ്തു. ഇവർ ആസാമിൽനിന്ന് വന്നവരായിരുന്നു. അതുകൊണ്ട് അവർക്കുവേണ്ടി പ്രത്യേകഭക്ഷണത്തിനുള്ള ഏർപ്പാട് ചെയ്തു.

ഹസ്റത്ത് മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ്(റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ ഞാൻ ലാഹോറിൽനിന്ന് ഖാദിയാനിൽ വന്നതാണ്. 1897-ലോ 98ലോ നടന്ന സംഭവമാണിത്. എന്നെ ഹസ്റത്ത് മസീഹ് മൗഊദ്(അ) മസ്ജിദ് മുബാറക്കിൽ കൊണ്ടുപോയിരുത്തി. അന്ന് അതൊരു ചെറിയ സ്ഥലമായിരുന്നു. താങ്കൾ ഇവിടെയിരിക്കുക. ഞാൻ താങ്കൾക്കുവേണ്ടി ഭക്ഷണം കൊണ്ടുവരാമെന്ന് പറഞ്ഞ് അവിടന്ന് വീട്ടിലേക്ക് പോയി. ഞാൻ വിചാരിച്ചത് ആരുടെയെങ്കിലും കയ്യിൽ ഭക്ഷണം കൊടുത്തുവിടുമെന്നാണ്. കുറച്ചുസമയം കഴിഞ്ഞപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(അ) ജനൽപാളി തുറക്കുന്നത് ഞാൻ കണ്ടു. കയ്യിൽ ട്രേ ഉണ്ടായിരുന്നു. എന്നോട് പറഞ്ഞു താങ്കൾ ഭക്ഷണം കഴിക്കുക. ഞാൻ വെള്ളം കൊണ്ടുവരാം. എനിക്കുണ്ടായ സങ്കടത്തിന് അതിരുണ്ടായിരുന്നില്ല. ഹസ്റത്ത് നമ്മുടെ ഇമാമായിരുന്നിട്ടും നമുക്കുവേണ്ടി ഇങ്ങനെയൊക്കെ സേവനം ചെയ്യുന്നു. അപ്പോൾ നമ്മൾ ഏതുരീതിയിലാണ് പരസ്പരം സേവനം ചെയ്യേണ്ടത്.

ഒരിക്കൽ അതിഥികൾ ധാരാളം വന്നപ്പോൾ കിടക്കകൾ തികയാതെ വന്നു. അപ്പോൾ വീട്ടിലുണ്ടായിരുന്ന അവസാനത്തെ കിടക്കയും അതിഥിക്ക് കൊടുക്കുകയും സ്വയം വിഷമം സഹിച്ച് രാത്രി കഴിച്ചുകൂട്ടുകയും ചെയ്തു. അപ്പോഴും അതിഥികൾക്ക് ഒരു വിഷമവും ഉണ്ടാകരുതെന്ന ചിന്തമാത്രമായിരുന്നു.

അതിഥിസൽക്കാരത്തെകുറിച്ച് ഒരിക്കൽ സംസാരമുണ്ടായപ്പോൾ പറഞ്ഞു. "ഒരതിഥിക്കും ഒരു ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കാൻ ഞാൻ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. അതിനുവേണ്ടി ഞാൻ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. കഴിയുന്നിടത്തോളം അതിഥികൾക്ക് ആശ്വാസം പകരേണ്ടതാണ്. അതിഥികളുടെ ഹൃദയം കണ്ണാടിപോലെ നേർത്തതാണ്. അല്പം ക്ഷതമേറ്റാൽ അത് പൊട്ടിപ്പോകും. ഇതിനുമുമ്പേ അതിഥികളോടൊപ്പമിരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള ഏർപ്പാട് ഞാൻ ചെയ്തിരുന്നു. എന്നാൽ രോഗം കൂടുതലായതുമുതൽ ഭക്ഷണത്തിൽ പഥ്യം പാലിക്കേണ്ടതായി വന്നു. അതുകൊണ്ട് അത് സാധിക്കാതെ പോയി. എന്നുമാത്രമല്ല, അതിഥികൾ അധികമായ കാരണത്താൽ ഒന്നിച്ചിരിക്കാനുള്ള ഇടവും ഇല്ലാതെയായി. അതുകൊണ്ട് ഒന്നിച്ചിരിക്കുന്നതിൽനിന്ന് മാറിനില്ക്കാൻ ഞാൻ നിർബ്ബന്ധിതനായി. ഓരോ അതിഥിക്കും അവരുടെ വിഷമങ്ങൾ നമ്മോട് പറയാൻ അനുവാദമുണ്ട്. രോഗികളാരെങ്കിലുമുണ്ടെങ്കിൽ അവർക്കുവേണ്ടി പ്രത്യേക ഭക്ഷണത്തിനുള്ള ഏർപ്പാട് ചെയ്യാവുന്നതാണ്.

ഒരിക്കൽ ഒത്തിരി അതിഥികൾ വന്നു. ലങ്കർഖാന യിലെ ഇൻചാർജ്ജ് മിയാൻ നജിമുദ്ദീൻ സാഹിബായി രുന്നു. അദ്ദേഹത്തോട് പറഞ്ഞു "അതിഥികൾ ഒരുപാട് വന്നിട്ടുണ്ട്. ഇവരിൽ ചിലരെ താങ്കൾക്കറിയാം. ചിലരെ അറിയില്ല. അതുകൊണ്ട് വന്നവരെയെല്ലാം ആദരണീ യരായി കരുതി സൽക്കരിക്കുക. തണുപ്പുകാലമാണ് ചായ കൊടുക്കുക. ആർക്കും ബുദ്ധിമുട്ടുണ്ടാകരുത്. താങ്കൾ അതിഥികൾക്കു വേണ്ടതൊക്കെ ചെയ്തുകൊ ടുക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. ഇവരെയെല്ലാം നല്ല വണ്ണം സേവിക്കുക. ആർക്കെങ്കിലും തണുപ്പ് അധിക മായിട്ടുണ്ടെങ്കിൽ അവരുടെ മുറിയിൽ വിറകോ കരിയോ കത്തിക്കാനുള്ള ഏർപ്പാട് ചെയ്യുക." നോക്കുക ഏത് രീതിയിലാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) അതിഥി കളെ സേവിക്കാൻ ഉപദേശിച്ചത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ കാലഘട്ടത്തിലെ ജോലിക്കാരിൽ അർപ്പിച്ച ആ വിശ്വാസം ഇന്നും എന്നും നിലനില്ക്കു മാറാകട്ടെ. ഈ നല്ല മാതൃകയാണ് ഹസ്റത്ത് നബി കരിം(സ) നമ്മുടെ മുമ്പിൽ സമർപ്പിച്ചത്. അതാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇന്ന് വീണ്ടും സ്ഥാപി ച്ചിട്ടുള്ളത്. ഇതെല്ലാം അവർ അതിഥികളോടുള്ള കടമ നിറവേറ്റിയതുപോലെ നമ്മളും നിറവേറ്റാനാണ്.

അടുത്ത ജുമുആ മുതൽ യു.കെ. വാർഷിക ജൽസ ആരംഭിക്കുകയാണ്. ഇൻശാഅല്ലാഹ്. പുറമേ നിന്ന് അതിഥികൾ വരുന്നതായിരിക്കും. യു.കെയിലെ വിവിധ പ്രദേശങ്ങളിൽനിന്നും ധാരാളം അതിഥികൾ എത്തും. വിദേശങ്ങളിൽനിന്നുള്ള അതിഥികളുടെ വരവ് തുടങ്ങിക്കഴിഞ്ഞു. ബന്ധുക്കളുടെ വീടുകളിൽ താമസി ക്കുന്ന ധാരാളം അതിഥികളുണ്ട്. അടുത്ത ബന്ധുക്കൾ തങ്ങളുടെ മാതാപിതാക്കളേയും സഹോദരങ്ങളേയും സേവിക്കുന്നു. അത് പറയേണ്ട ആവശ്യമില്ല. അതവർ ചെയ്യേണ്ടതുതന്നെയാണ്. ചിലപ്പോൾ ചിലർ ചില പരി ചയത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും വീട്ടിൽ വന്ന് താമസിക്കുന്നുണ്ടാകും. എപ്പോഴുമെന്നപോലെ അതിഥികളോടുള്ള കടമ മനസ്സിലാക്കി ഇവരോടെല്ലാം നല്ല രീതിയിൽ പെരുമാറുക. ചിലർ ജമാഅത്ത് ചെയ്തി ട്ടുള്ള ഏർപ്പാട് അനുസരിച്ച് താമസിക്കുന്നവരായുണ്ട്. ജമാഅത്തിന്റെ ഈ സംവിധാനം അധികവും താൽക്കാ ലികമായി നിയമിക്കുന്ന ജോലിക്കാരാണ് ചെയ്യുന്നത്. പരിചയസമ്പന്നരല്ലാത്തതുകൊണ്ട് അതിഥി സൽക്കാ രത്തിന്റെ കടമ പൂർണ്ണമായും അവർ മനസ്സിലാക്കിക്കൊ ള്ളണമെന്നില്ല. അതുകൊണ്ട് പരിചയസമ്പന്നരായവ രുടെ ദൃഷ്ടി എപ്പോഴും അവരിലേക്കുണ്ടായിരിക്കേണ്ട താണ്. അതിഥികളുടെ ഹൃദയത്തെ വ്രണപ്പെടുത്തുന്ന ഒരു കാര്യവും ഉണ്ടാകാൻ പാടില്ല. സ്വന്തം വീടുകളിൽ അതിഥികളെ താമസിപ്പിക്കുന്നവരും ജമാഅത്തിന്റെ സംവിധാനത്തിൽ താമസിപ്പിക്കുന്നവരും അതിഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നും ഉണ്ടാകാതിരിക്കാൻ ശ്രമി ക്കേണ്ടതാണ്. യുകെ. വാസികൾ ജൽസ കഴിഞ്ഞാൽ രണ്ടുമൂന്ന് ദിവസത്തിനുള്ളിൽ മടങ്ങിപ്പോകുന്നവരാണ്. പക്ഷെ, ഒരുപാട് ചെലവ് ചെയ്ത് വിദേശത്തുനിന്ന് വരു ന്നവരിൽ അധികപേരും വളരെ പ്രയാസപ്പെട്ട് വിസ ലഭി ച്ചവരാണ്. അവർക്കിവിടെ പതിനഞ്ച് ദിവസം കഴിയാ നുള്ള അവകാശമുണ്ട്. 15 ദിവസം അവർക്ക് ആതിഥ്യം നല്കേണ്ടതുമാണ്. അങ്ങനെയാണ് നാം ചെയ്തുവരു ന്നതും. എന്നാൽ വീട്ടിൽ താമസിപ്പിക്കുന്നവർക്ക് എന്തെ ങ്കിലും വിഷമമുണ്ടെങ്കിൽ അത്തരം അതിഥികളെ അവർ ജമാഅത്തിന് കൈമാറുക. 15 ദിവസംവരെ അവർക്ക വിടെ അതിഥിയായി കഴിയാം.

എപ്പോഴുമെന്നപോലെ എല്ലാ ഉദ്യോഗസ്ഥന്മാരും തങ്ങളുടെ ജോലികൾ നിർവഹിക്കുമെന്നും അതിഥിക ളോടുള്ള കടമ നിറവേറ്റുമെന്നും പ്രതീക്ഷിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ പ്രവർത്തകരോട് ഒരു വിശ്വാസമുണ്ട്. ഈ വിശ്വാസം എന്നും ഒരടയാളമെന്ന നിലയിൽ നിലനില്ക്കുന്നതാണ്. ഇപ്രാവശ്യം രണ്ടിടത്ത് ഏർപ്പാട് ചെയ്യേണ്ടിവന്ന കാര ണത്താൽ ചില ചുമതലയുള്ള വിഭാഗക്കാർക്ക് കൂടു തൽ അധ്വാനിക്കേണ്ടിവരും. അതുകൊണ്ട് പ്രവർത്ത കരെ ഇപ്പോൾ മുതൽതന്നെ അതിന് സന്നദ്ധരാക്കേണ്ട താണ്. കൂടുതൽ ജോലിയെടുക്കേണ്ടിവരും, സമയം ചെലവഴിക്കേണ്ടി വരും എന്നവരോട് പറയുക. അല്ലാഹു എല്ലാവർക്കും നല്ലരീതിയിൽ പ്രവർത്തിക്കാനും അവ നുവേണ്ടി അതിഥികളെ സേവിക്കാനും സൗഭാഗ്യം നല്കുമാറാകട്ടെ.


Jumua Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on
22.7.2005
at
Baithul Futhuh, London

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**
Mobile: 9895 126027; 0497 2702562

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala